"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 20-09-2023

## സർക്കുലർ നം 32

**ടെട്രാ വയർലെസ് സെറ്റ് കൈകാര്യം ചെയ്യുമ്പോൾ താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.**

1. റേഡിയോയുടെ ആന്റിന കൃത്യമായി ഉറപ്പിച്ചതിനു ശേഷമേ **ഓൺ** ചെയ്യാൻ പാടുള്ളൂ.
2. ചാർജ്ജിംഗിനായി ബാറ്ററി ഊരുമ്പോഴും, ചാർജ്ജ് ചെയ്തതിനു ശേഷം ഇടുമ്പോഴും കൃത്യമായി സ്ലോട്ടിൽ കണക്ട് ചെയ്യുക. ടെട്രാ വയർലെസ് ട്രെയിനിംഗ് നൽകിയ പ്രകാരം തന്നെ കാര്യങ്ങൾ ചെയ്യുക.
3. ബാറ്ററി ചാർജ് ഫുൾ (ഗ്രീൻകളർ ) ആയതിനു ശേഷവും ചാർജ്ജ് ചെയ്യുവാൻ പാടുള്ളതല്ല.
4. Power Off ചെയ്തതിനു ശേഷം മാത്രമേ ബാറ്ററി സെറ്റിൽ നിന്നും എടുക്കാൻ പാടുള്ളൂ.
5. സ്പെയർ ബാറ്ററി ഒന്നിടവിട്ട ദിവസങ്ങളിൽ Cyclic ആയി ചാർജ്ജ് ചെയ്ത് ഉപയോഗിക്കേണ്ടതാണ്.
6. റേഡിയോ നഷ്ടപ്പെടുത്തുകയോ, അലക്ഷ്യമായി കൈകാര്യം ചെയ്യുകയോ, ചുമതല ഏൽപ്പിക്കുന്ന ഉദ്യോഗസ്ഥരല്ലാതെ മറ്റ് വ്യക്തികൾ കൈകാര്യം ചെയ്യുവാനോ പാടുള്ളതല്ല.
7. ഓരോ സ്ഥാപനത്തിനും അനുവദിച്ചിരിക്കുന്ന സെറ്റുകളും, അനുബന്ധ ഉപകരണങ്ങളും കൃത്യമായി സ്റ്റോക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
8. ഓരോ സെറ്റിനും നൽകിയിരിക്കുന്ന ഫോൺ കോഡുകൾ അതാത് മേഖലകളിലെ റേഡിയോ അഡ്മിനിസ്ട്രേറ്ററുമായി ബന്ധപ്പെട്ട് എത്രയും പെട്ടന്ന് മാറ്റേണ്ടതാണ്.
9. ഫോൺ കോഡ് തെറ്റായി 5 തവണ നൽകിയാൽ റേഡിയോ ബ്ലോക്കാവുന്നതാണ്. ഇത്തരം സന്ദർഭം ഒഴിവാക്കേണ്ടതും അഥവാ ഏതെങ്കിലും കാരണവശാൽ റേഡിയോ ബ്ലോക്ക് ആയാൽ ഉടൻതന്നെ റേഡിയോ അഡ്മിനിസ്ട്രേറ്ററുമായി ബന്ധപ്പെടേണ്ടതാണ്.
10. റേഡിയോ ഓൺ ആക്കുന്ന പക്ഷം നെറ്റ് വർക്ക് സിഗ്നൽ, ചാർജ്ജ് എന്നിവ ചുമതല ഏൽക്കുന്ന ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.
11. ഓരോ ജയിലിലും ടെട്രാ ട്രെയിനിംഗ് പൂർത്തിയാക്കിയ ഒരു ഉദ്യോഗസ്ഥനെ ടെട്രാ ഇൻചാർജ്ജ് ആയി നിയോഗിക്കേണ്ടതും ടി ഉദ്യോഗസ്ഥന്റെ പേര് വിവരങ്ങൾ മൊബൈൽ നമ്പർ സഹിതം it.prisons@kerala.gov.in എന്ന മെയിലിൽ അയക്കേണ്ടതാണ്.

11(a) അതാത് മേഖലകളിലെ സെൻട്രൽ ജയിലിൽ നിന്നും ടെട്രാ നെറ്റ് വർക്ക് ട്രെയിനിംഗ് പൂർത്തിയാക്കിയ ഒരു ഉദ്യോഗസ്ഥനെ നെറ്റ് വർക്ക് മാനേജർ ആയി നിയോഗിക്കേണ്ടതും ടി ഉദ്യോഗസ്ഥന്റെ പേര് വിവരങ്ങൾ മൊബൈൽ നമ്പർ സഹിതം it.prisons@kerala. gov.in എന്ന മെയിലിൽ അയക്കേണ്ടതാണ്.

12. നെറ്റ് വർക്ക് മാനേജർ ചുമതലയുള്ള ഉദ്യോഗസ്ഥൻ എല്ലാ ദിവസവും ബേസ് സ്റ്റേഷനിൽ എത്തി പ്രവർത്തനങ്ങൾ വിലയിരുത്തി ആയത് ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസിനു വേണ്ടി

സ്വീകർത്താവ് : 1. ഡി ഐജി ഓഫ് പ്രിസൺസ് ,
ഉത്തര/ മധ്യ /ദക്ഷിണ മേഖല

2.സൂപ്രണ്ട് ,
സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം ,
കണ്ണൂർ/വിയ്യൂർ/ തിരുവനന്തപുരം
3. സൂപ്രണ്ട്,അതീവ സുരക്ഷാ ജയിൽ ,വിയ്യൂർ
വനിതാ തുറന്ന ജയിൽ ,തിരുവനന്തപുരം
ജില്ല ജയിൽ, തിരുവനന്തപുരം /കണ്ണൂർ/ വിയ്യൂർ
സ്പെഷ്യൽ സബ് ജയിൽ ,തിരുവനന്തപുരം /കണ്ണൂർ
വനിതാ ജയിൽ,കണ്ണൂർ/വിയ്യൂർ
സബ് ജയിൽ, വിയ്യൂർ

പകർപ്പ് : 1.ടെക്നിക്കൽ സെൽ,ജയിലാസ്ഥാന കാര്യാലയം
2.കരുതൽ ഫയൽ

P4-13945/2015/PrHQ

6af220